മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.13.04.2023

ബഹുമാനപ്പെട്ട പ്രസിഡന്റ്,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ നടപ്പാക്കിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ്-സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളുടെയും സോഷ്യൽ ഓഡിറ്റ് ആറ് മാസത്തിലൊരിക്കൽ നടത്തുകയെന്നത് നിയമപരമായ അനിവാര്യതയാണല്ലോ. 2022-23 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിച്ച് രാജ്യത്തിനുതന്നെ അഭിമാനകരമായ നിലയിലേക്ക് ഉയരുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ പിഴവുകളും പോരായ്മകളും ആവർത്തിക്കാതിരിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടപ്പാക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലും പബ്ലിക് ഹിയറിംഗിലും പങ്കെടുത്തുകൊണ്ട് ജനങ്ങൾ മുന്നോട്ട് വച്ച അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചുകൊണ്ടുമായിരിക്കണം ഇനി നാം മുന്നോട്ട് പോകേണ്ടത്. പദ്ധതി ജനങ്ങൾക്കാകെ പ്രയോജനകരമാവുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും ചെലവഴിക്കുന്ന പണത്തിന് ആനുപാതികമായ സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങൾ ലഭിക്കുന്നു എന്നുറപ്പാക്കുകയും വേണം.

ഇക്കഴിഞ്ഞ സോഷ്യൽ ഓഡിറ്റ് കാലയളവിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നേരിട്ട പ്രധാന പ്പെട്ട ഒരു വെല്ലുവിളി പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഫയലുകളും യഥാസമയം സോഷ്യൽ ഓഡിറ്റ് ടീമിന് ലഭിക്കുന്നതിൽ നേരിട്ട കാലതാമസമാണ്. ഏതാനും ചില പഞ്ചായത്തുകളിലാണ് ഇത് സംഭവിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങൾ ആവർത്തി ക്കാൻ ഇടവരരുത്. അതുപോലെതന്നെ ഗ്രാമസഭകളും പബ്ലിക് ഹിയറിംഗും സമയബന്ധിതമായി പൂർത്തി യാക്കുന്നതിലും ഏതാനും പഞ്ചായത്തുകൾ വീഴ്ച വരുത്തുകയുണ്ടായി. തൊഴിലുറപ്പ് ഫണ്ട് യഥാസമയം ലഭിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി കേന്ദ്ര ഗവൺമെന്റ് നിരന്തരമായി വിലയിരുത്തുന്നുണ്ട് എന്നകാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ കേരളത്തിന് അർഹമായ തൊഴിലുറപ്പ് ഫണ്ട് വാങ്ങി എടുക്കുന്നതിന് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമ മായി നടപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ ഇതിനകം മെച്ചപ്പെട്ട സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. 2023 മെയ് ആദ്യവാരം മുതൽ ആരംഭിക്കുന്ന തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് എല്ലാവിധ സഹായങ്ങളും പഞ്ചായത്തുകൾ ലഭ്യമാക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർക്കും
4. എല്ലാ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി അക്രെഡിറ്റഡ് എഞ്ചിനീയർമാർക്കും
5. എല്ലാ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും.